# weekly Devotion- June 2019
# God's power at Kishon Valley

## (ദൈവീക ശക്തിയുടെ കീശോൻ) (1രാജാ:18:40)



ജീവിതത്തിലൊരിക്കലെങ്കിലും പരാജയഭീതി വരാത്തവർ ചുരുക്കമാണ്. പരാജയം യഥാർത്ഥത്തിൽ നമ്മെ കീഴ്പ്പെടുത്തുകയല്ല നാം അതിന് കീഴ്പ്പെടുകയാണ് ചെയ്യുന്നത്. സാഹചര്യങ്ങളോടുള്ള നമ്മുടെ പ്രതികരണ മനോഭാവമാണ് നമ്മെ വിജയത്തിലെത്തിക്കുന്നത്.

ഒന്നാം ലോകമഹായുദ്ധത്തിൽ ബ്രിട്ടൻ വിജയിച്ചതിനു പിന്നിൽ ഡോ. വെയ്സ്മാൻ എന്ന ശാസ്ത്രജ്ഞന്റെ പങ്ക് വളരെ വലുതായിരുന്നു.ബ്രിട്ടന്റെ വെടിമരുന്നുകൾ ലഭിച്ച സ്ഥലങ്ങൾ ജർമ്മൻകാർ പിടിച്ചെടുത്തു.റഷ്യാക്കാരനായ ഒരു യഹൂദ അദ്ധ്യാപകൻ ഇംഗ്ലണ്ടിൽ അദ്ധ്യാപകനായിരിക്കെ ഒന്നിലധികം രാസവസ്തുക്കളുടെ സമ്മിശ്രമായ T.N.T.(Tri Nitro Toluene) കണ്ടുപിടിച്ചു. സ്വയം കത്തുന്ന ഈ സ്ഫോടക വസ്തുക്കൾ ഐസ്പെട്ടികൾക്കകത്ത് യുദ്ധമുഖത്ത് എത്തിക്കുന്ന ആശയം ലഭ്യമായതോടെ ബ്രിട്ടൻ ഒന്നാം ലോകമഹായുദ്ധത്തിൽ വിജയം നേടി. ഈ കണ്ടുപിടിത്തവും തുടർന്നുള്ള ആശയങ്ങളും അദ്ദേഹത്തിനു ലഭിച്ചത് ഇയ്യോബ്:(38:22,23)വാക്യങ്ങളിൽ നിന്നാണ്. അതിന്റെ പ്രതിഫലമായിട്ടാണ് ബ്രിട്ടന്റെ സഹായത്തോടെ യഹൂദന് യിസ്രായേൽ രാഷ്ട്രം ലഭിച്ചത്. ബൈബിൾ പോലെ ജീവിതത്തെ വിജയത്തിലേക്കെത്തിക്കുന്ന മറ്റൊരു ഗ്രന്ഥവുമില്ല.

കീശോൻ എന്ന വാക്കിന്റെ അർത്ഥം വളഞ്ഞത് എന്നാണ്. എല്ലാ വളഞ്ഞ അഥവാ ദുഷിച്ച ചിന്തകളും വചനത്താൽ തകർത്തു കളയുവാൻ കഴിയണം. കീശോൻ തോട്ടിന്റെ കരയ്ക്ക് തിന്മയുടെ കരങ്ങളിൻമേൽ ദൈവീക ശക്തിയുടെ വിജയം ഏലിയാവിൽക്കൂടി ദൈവം നേടിയെടുത്തു. അതിനായി ഒളിവുകാലം ആരംഭിക്കുവാൻ ആവശ്യപ്പെട്ട യഹോവ അത് അവസാനിപ്പിക്കുവാനും ആഹാബിന് തന്നെത്തന്നെ വെളിപ്പെടുത്തുവാനും നിർദ്ദേശിക്കുന്നു. ആഹാബിനെ കാണുവാൻ ഏലിയാവ് അങ്ങോട്ടു പോകാതെ ഏലിയാവിന്റെ അടുക്കലേക്ക് ആഹാബ് എത്തുവാനുള്ള ക്രമീകരണം ദൈവം തന്നെ ചെയ്തു. ദേശത്ത് മഴപെയ്യും മുമ്പേ

കർമ്മേലിൽ ഒരു യാഗം നടക്കണം. ആ യാഗം കാണേണ്ടവരേയും ആ യാഗം ക്രമീകരിക്കേണ്ട വിധവും യഹോവയുടെ നിർദ്ദേശപ്രകാരം ഏലിയാവ് ആഹാബിനെ അറിയിച്ചു.

## Read 1രാജാ:18:19

1. എല്ലാ യിസ്രയേലും അവടെയെത്തണം കാരണം യാഗം നടക്കുന്നതുകണ്ട് നാവിന്റെ കെട്ടഴിഞ്ഞ് , കണ്ണു തുറന്നവരായി രണ്ടു തോണിയിൽ കാൽ ചവിട്ടിയുള്ള നിൽപ് തെറ്റെന്ന് അവർ മനസ്സിലാക്കണം.തീകൊണ്ട് ഉത്തരമരുളുന്ന ദൈവമാണ് യഥാർത്ഥ ദൈവമെന്ന് അവർ കണ്ട് വിശ്വസിക്കുവാനുമാണ് അവിടെ എത്തിച്ചത്.

2. രണ്ടാമത് കള്ള പ്രവാചകന്മാർ (ബാലിന്റെ 450 പ്രവാചകൻമാരും , അശേരാ പ്രവാചകർ 400 പേരും ) ഊമവിഗ്രഹങ്ങളോടുള്ള അവരുടെ പ്രാർത്ഥന വ്യർത്ഥമെന്ന് കാട്ടികൊടുക്കേണ്ടത് ഒരു ആവശ്യമായിരുന്നു.

3. ഇതിനെല്ലാം സാക്ഷിയാകുവാൻ അവിടെ എത്തിയ മറ്റൊരാളാണ് സംഘാടകനായ ആഹാബ് രാജാവ്. ഇസബേൽ എന്ന തന്റെ ഭാര്യയ്ക്ക് തന്നെത്തന്നെ വിറ്റ യഹോവയുടെ കല്പനകൾ മറന്ന യിസ്രായേൽ രാജാവാണ്.

## Look (1രാജ:21:25,26)

ഇവരെല്ലാം അവിടെ എത്തിയതുപോലെ യഹോവയുടെ പക്ഷത്തുള്ള ഏലിയാവിന് കർമ്മേൽ കയറുവാൻ കഴിയുകയില്ല. അതിനായിട്ടാണ് കെരീത്തിൽ യഹോവ ഏലിയാവിന്റെ പഠനം തുടങ്ങിയത്. കെരീത്തിലെ കരുതലിൽ, സംരക്ഷണത്തിൽ മടിയനാകാതെ എഴുന്നേൽപിക്കുവാൻ ഉറവ അടയ്ക്കുകയും , കാക്കയുടെ വരവ് നിർത്തുകയും ചെയ്തു.തുടർന്നയച്ചത് സരേഫാത്തിലെ വിധവയുടെ സംരക്ഷണത്തിൽ കഴിയുവാനാണ്. ക്ഷാമത്തിന്റെ കഠിനതയിൽ മരിക്കുവാൻ തയ്യാറായവൾ ചുള്ളിൽ പെറുക്കുവാൻ എത്തിയതാണ്. മരിക്കുവാൻ ആഗ്രഹിക്കുന്നവൾക്ക് ചുള്ളിൽ പെറുക്കേണ്ട ആവശ്യമില്ല , തീരാറായ ഭക്ഷണക്രമത്തെപ്പറ്റി ഭാരപ്പെടുകയോ ചെയ്യേണ്ട ആവശ്യമില്ലെന്ന് നമുക്ക് തോന്നാം.എന്നാൽ ഏലിയാവിന്റെ അടുത്ത പഠനക്കളരിയിലേക്ക് ഈ പാഠങ്ങൾ ആവശ്യമായിരുന്നു. ഏലിയാവ് സ്വല്പം വെള്ളം ആവശ്യപ്പെട്ടപ്പോൾ അനുസരിക്കുവാൻ മടി കാട്ടാത്തതുകൊണ്ടാണ് എടുക്കുന്തോറും നിറയുന്ന എണ്ണ ഭരണിയും , നിറയുന്ന മാവിൻ കലവും കാണുവാനിടയായത്. തുടർന്ന് വിധവയുടെ മകന്റെ നഷ്ടപ്പെട്ട ജീവൻ മടക്കി ക്കൊടുത്തു. അങ്ങനെ ചലനമറ്റതിന് ജീവൻ നല്കുന്ന പ്രാർത്ഥനയുടെ ശക്തിയും പഠിപ്പിച്ചു.അപ്രകാരം പഠനം പൂർത്തിയാക്കി കർമ്മേൽ പർവ്വതം കയറിയ ഏലിയാവ് യാഗത്തിന്റെ നിബന്ധന പ്രഖ്യാപിച്ചു. ഏലിയാവിന്റെ നിബന്ധന പാലിപ്പാനവർക്ക് (ബാലിന്റെ പ്രവാചകൻമാർക്ക്)കഴിഞ്ഞില്ല. യാഗത്തിനു മുമ്പ് പാലിക്കേണ്ട ഏഴു നടപടികൾ പൂർത്തിയാക്കി പ്രാർത്ഥിച്ചപ്പോൾ സ്വർഗ്ഗത്തിൽ നിന്ന് തീയിറങ്ങി യാഗം ദഹിപ്പിച്ചു.

## Read 1രാജ:18:30-38

മഴയ്ക്കു മുമ്പേ ചെയ്യേണ്ട അടുത്ത കാര്യം തീകൊണ്ട് ഉത്തരമരുളിയ ദൈവം യഥാർത്ഥ ദൈവമെന്ന് മനസ്സിലാക്കിയ ജനത്തിന്റെ സഹായത്തോടെ ഏലിയാവ്

ചെയ്തു. ബാലിന്റെ '450' പ്രവാചകൻമാരെ കീശോൻ തോട്ടികൽ ജനം എത്തിക്കുകയും ഏലിയാവ് അവരെ വെട്ടികൊന്നു കളയുകയും ചെയ്തു.

മെഡിറ്ററേനിയൻ കടലിൽ ഒഴുകിയെത്തുന്ന ഈ തോട്ടിൽ വിഗ്രഹാരാധികളായ 450 പേരുടെ ജഡവും ചോരയും വീഴുവാനായിരുന്നു ഇത്. മഴ പെയ്ത് ഭൂമി പുണ്യമായിത്തീരുവാൻ ഇത് ആവശ്യമായിരുന്നു. അതിനുശേഷം വീണ്ടും കർമ്മേലിൽ എത്തി പ്രാർത്ഥിച്ച ശേഷമാണ് മഴപെയ്തത്. കീശോൻ തീരം അങ്ങനെ ദൈവശക്തിയുടെ വിജയത്തിന്റെ പ്രതീകമായി മാറി.

പ്രീയരേ ! ശക്തിയുള്ള പ്രാർത്ഥനയും ദൈവീക പാഠശാലയിലെ പഠനവും പ്രശ്നങ്ങളുടെ കാരണത്തെ ശാസിപ്പാനും , സ്വർഗ്ഗീയ തീ ഇറക്കി അനുഗ്രഹം പ്രാപിപ്പാനും സഹായിക്കുന്നു. ചലനമറ്റ വിഷയങ്ങളുടെ മേൽ ജയം നേടുവാനും ദുഷ്ടശക്തികളെ ഇല്ലാതാക്കുവാനും ദൈവം കൃപചെയ്യട്ടെ.

ശാന്തമ്മ വർഗ്ഗീസ്.

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59-JJX2dk_wuLkKT2hE0tg